പദ്ധതി (എം.ഡബ്ല്യൂ.എസ്.) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) എന്നീ തൊഴിൽദാന പദ്ധതികളെ സംബന്ധിച്ച ഫണ്ടുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

(ബി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.

11 (1645) ഗ്രാമവികസന പ്രവർത്തനങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സന്നദ്ധസംഘടനകളെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് ഗവൺമെന്റിന് ലഭ്യമാണോ;

(സി) സന്നദ്ധസംഘടനാ പ്രവർത്തകർക്ക് വികസന പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിനായി പരിശീലനം നൽകാൻ സംവിധാനമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവികസന പദ്ധതികളിൽ പങ്കാളികളായ 885 സന്നദ്ധസംഘടനകളുടെ സ്ഥിതിവിവര കണക്ക് ലഭ്യമാണ്.

(സി) സന്നദ്ധസംഘടനാ പ്രവർത്തകർക്ക് 'കപാർട്ട്' (കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി) പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിശീലനം പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് (കേരള) (പാഡ്കെ) മുഖാന്തിരം നൽകാറുണ്ട്. സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലും ഗ്രാമവികസന പദ്ധതികളെ സംബന്ധിച്ച് സന്നദ്ധസംഘടനകൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

12 (1649) സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്രസഹായം

ശ്രീ. പി.ജെ. ജോയി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സുധാകരൻ:
ശ്രീ. എ.കെ. മണി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രാധാന്യമർഹിക്കുന്ന സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഫലമെന്തെന്ന് അറിയിക്കുമോ?

അനുബന്ധം II ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)ഇല്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള പദ്ധതികളൊന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

13 (1650) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് പദ്ധതികൾ

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാ-സാംസ്കാരിക പ്രവർത്തകർക്ക് എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോന്നിന്റേയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അവശകലാ-സാംസ്കാരിക പ്രവർത്തകർക്ക് ഇപ്പോൾ ഏതെല്ലാം പെൻഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും അവപ്രകാരം പ്രതിമാസം ലഭിക്കുന്ന പെൻഷൻ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്)ഈ രംഗത്ത് പ്രവർത്തിക്കുന്ന അക്കാദമികൾ വഴി ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(ഇ) അശരണരും രോഗബാധിതരുമായ അവശകലാ സാംസ്കാരിക പ്രവർത്തകർക്ക്, സംസ്ഥാന കേന്ദ്ര-സംസ്ഥാന ധനസഹായ പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം 1500 പേർക്ക് പ്രതിമാസം 400/-രൂപ വീതവും കേന്ദ്ര സംസ്ഥാന പദ്ധതിപ്രകാരം 85 പേർക്ക് 1500/-രൂപ (1000/-രൂപ കേന്ദ്രവിഹിതം, 500/-രൂപ സംസ്ഥാന വിഹിതം) വീതവും ധനസഹായം നൽകിവരുന്നു.

(സി)&(ഡി) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക-പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(എഫ്) കേരള സംഗീത നാടക അക്കാദമിയിൽ കലാകാരന്മാരുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള സാഹിത്യ അക്കാദമിയിലും കേരള ലളിതകലാ അക്കാദമിയിലും ചികിത്സാസ

അനുബന്ധം III ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly